പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2524 — 19.06.2013 ന് മറുപടിയ്ക്ക്.

## വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ. യുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| ആവശ്യമായ സ്റ്റാഫും പശ്ചാത്തല സൗകര്യങ്ങളും ഇല്ലാതെ ബുദ്ധിമുട്ടുന്ന വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ.യുടെ പ്രവർത്തനം സുഗമമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | സ്ഥലം, കെട്ടിടം ഉടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കണം എന്ന വ്യവസ്ഥയിലാണ് വെസ്റ്റ് എളേരി (വനിത) ഐ.ടി.ഐ. ആരംഭിച്ചിട്ടുള്ളത്. ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനം താത്ക്കാലികമായി ലഭ്യമാക്കിയിട്ടുള്ള കെട്ടിടത്തിലാണ് ഐ.ടി.ഐ. പ്രവർത്തിച്ചുവരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 16,49,336/-രൂപയുടെ യന്ത്രോപകരണങ്ങൾ സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥിര ജീവനക്കാരെ നിയമിക്കുന്നതിനുള്ള സത്വര നടപടിയും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ